പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 454 11.06.2013 -ൽ മറുപടിക്ക്

റിസർവ്വ് കണ്ടക്ടർ നിയമനം

ചോദ്യം

ശ്രീ. കെ. അജിത്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. റിസർവ്വ് കണ്ടക്ടർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ച സമയത്ത് എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) | 8140 ഒഴിവുകളാണ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നത്. |
| (ബി) | പ്രസ്തുത തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്ത മാക്കുമോ ; | (ബി) | 3808 ഒഴിവുകൾ ഉണ്ട്. |
| (സി) | അപേക്ഷ ക്ഷണിച്ചപ്പോഴുള്ളതിനേക്കാൾ ഒഴിവുകളുടെ എണ്ണം കുറഞ്ഞിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ; | (സി) | മുമ്പ് പി.എസ്.സിയെ അറിയിച്ചതും പി.എസ്.സി അഡ്വൈസ് ചെയ്തതും അഡ്വൈസ് ചെയ്തിട്ടും ജോലിക്കു ചേരാതിരുന്നതുമായ മൊത്തം ഒഴിവുകളെ നിലവിലുള്ള ആകെ ഷെഡ്യൂളുകളുടെ കണക്കനുസരിച്ചുള്ള ഒഴിവുകളോടൊപ്പം കൂട്ടി തെറ്റായ രീതിയിൽ കണക്കെടുപ്പ് നടത്തിയതുമൂലമാണ് യഥാർത്ഥത്തിൽ ഒഴിവുള്ള 3808 റിസർവ്വു കണ്ടക്ടറുടെ വേക്കൻസിക്കു പകരമായി 8140 വേക്കൻസികൾ പി.എസ്.സി യെ അറിയിക്കാൻ ഇടയായത്. കെ.എസ്. ആർടി.സി.യിൽ നിലവിലുള്ളതും ആവശ്യമായതുമായ എണ്ണത്തെക്കാൾ കൂടുതൽ ഒഴിവുകൾ റിപ്പോർട്ടു ചെയ്യാനിടയായി എന്നും ആയതു |

| | | | |
|---|---|---|---|
| | | | തെറ്റായ രീതിയിൽ കണക്കെടുപ്പു നടത്തിയതുമൂലം സംഭവിച്ചതാണെന്നും ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ ആ വിവരം 05.06.2012-ലെ 1012/ജി.എൽ2/ആർ.ടി.സി നമ്പർ കത്ത് പ്രകാരം പി.എസ്.സി.യെ അറിയിക്കുകയും മുൻപ് റിപ്പോർട്ട് ചെയ്ത വേക്കൻസികളുടെ എണ്ണം 8140 എന്നതിനു പകരം 3808 എന്നാക്കി ഭേദഗതി വരുത്തണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (ഡി) | അടിയന്തിരമായി എത്ര പേരെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | 3808 പേരെ നിയമിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ